# മറയൂർ ശർക്കര: ജിഐ പേറ്റന്റിനുള്ള നടപടി പൂർത്തിയായി

Deepika 30.12.17



മറയൂർ ശർക്കരയുടെ ജി.ഐ. പേറ്റന്റ് സംബന്ധിച്ച് തൃശൂർ കാർഷിക സർവകലാശാലയിൽ കൃഷി മന്ത്രി വി.എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ നടന്ന യോഗം.

**മറയൂർ:** മറയൂർ ശർക്കരയുടെ ജി.ഐ പേറ്റന്റിനായുള്ള ആദ്യഘട്ട നടപടി പൂർത്തിയായി. മറയൂരിലെ കരിമ്പ് കൃഷിയുടെ പാരമ്പര്യവും ശാസ്ത്രീയ വിശകലനങ്ങളും ഗവേഷണവുമാണ് ഒന്നാം ഘട്ടമായി നടന്നത്. മൂന്ന് ലാബുകളിൽ വിവിധ സാമ്പിളുകളുടെ പരിശോധനയും നടത്തി. ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ ഒന്നാംഘട്ട വിശകലനം കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാറിന്റെ നേതൃത്വത്തിൽ കാർഷിക സർവകലാശാലയിൽ നടന്നു.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നു ലഭിക്കുന്നതിനേക്കാളും ഗുണമേന്മയുള്ളതാണു മറയൂർ ശർക്കരയെന്നു ഗവേഷണത്തിൽ കണ്ടെത്തിയതായി മന്ത്രി അറിയിച്ചു.

കാർഷിക സർവകലാശാലയിൽ നടന്ന യോഗത്തിൽ കൃഷിയുടെ വ്യാപനം, ലോഗോ, അപേക്ഷകനെ നിശ്ചയിക്കൽ എന്നിവ നടന്നു. വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു. ഗവേഷണ വിഭാഗം ഡയറക്ടർ പി. ഇന്ദിരാദേവി, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി റാണി രാജേന്ദ്രൻ, മറയൂർ ശർക്കര ഗവേഷണ വിഭാഗം കോ-ഓർഡിനേറ്റർ സി.ആർ. എൽസി, മറയൂർ ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എൻ. ആരോഗ്യദാസ്, അഞ്ചുനാട് കരിമ്പ് ഉത്പാദക സംഘം സെക്രട്ടറി പി. വിജയൻ, മഹാഡ് സെക്രട്ടറി എസ്. ഇന്ദ്രജിത്ത്, മാപ്കോ മാനേജിംഗ് ഡയറക്ടർ മണികണ്ഠൻ എന്നിവർ പങ്കെടുത്തു.

## നേട്ടം ഒട്ടനവധി

ഭൂപ്രകൃതിയുടെയും പ്രദേശത്തിന്റെയും കൃഷി രീതിയുടെയും പ്രത്യേകതകളിലൂടെ ഉത്പന്നങ്ങൾക്കുണ്ടാകുന്ന ഗുണനിലവാരം പരിഗണിച്ചാണ് കേന്ദ്രസർക്കാർ ഭൗമ സൂചിക രജിസ്ട്രേഷൻ നൽകുന്നത്. പ്രദേശത്തിന്റെ പേരോടു കൂടിയാണ് ഉത്പന്നം അറിയപ്പെടേണ്ടത്. ഇത്തരത്തിൽ ജി.ഐ രജിസ്ട്രേഷൻ ലഭിക്കുന്ന ഉത്പന്നം ലോക വ്യാപാര സംഘടനയുടെ ( വേൾഡ് ട്രേഡ് ഓർഗനൈസേഷൻ) അംഗീകാരത്തിലും ഉൾപ്പെടും. സംഘങ്ങൾക്കും കർഷക കൂട്ടായ്മകൾക്കും മാത്രമാണ് ഇത്തരത്തിൽ ജി.ഐ രജിസ്ട്രേഷൻ നൽകുന്നത്.